# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ. 568/ആർ 1/2026/കെ.ഡി.ആർ.ബി തിരുവനന്തപുരം , 07.05.2026

## <u>അറിയിപ്പ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ക്ഷണിച്ച കൊച്ചിൻ ദേവസ്വം ബോർഡിലെ കഴകം (കാറ്റഗറി നം. 71/2025) തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രവൃത്തിപരിചയം തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ **<u>2026 മെയ് 20 -ാം</u>** തീയതിക്കകം പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് നേരിട്ട് ബോർഡിൽ സ്വീകരിക്കുന്നതല്ല. ഉദ്യോഗാർത്ഥികൾ അപ് ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിനുശേഷം യോഗ്യരായ ഉദ്യോഗാർത്ഥികളെ മാത്രമേ തുടർ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലേക്ക് പരിഗണിക്കുകയുള്ളു. ഉദ്യോഗാർത്ഥികളുടെ ദേവജാലിക പ്രൊഫൈലിലെ **APPLICATIONS -> DOCUMENT UPLOAD** എന്ന ലിങ്ക് മുഖേന പ്രമാണങ്ങൾ അപ് ലോഡ് ചെയ്യാവുന്നതാണ്. യാതൊരു കാരണവശാലും പ്രമാണങ്ങൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകുന്നതല്ല.

ഒപ്പ്/–
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്